# Homily of His Holiness Pope Francis

## Solemnity of Saints Peter and Paul (29 June 2016)

The word of God in today's liturgy presents a clear central contrast between *closing* and *opening*. Together with this image we can consider the symbol of the keys that Jesus promises to Simon Peter so that he can *open* the entrance to the kingdom of heaven, and not *close* it before people, like some of the hypocritical scribes and Pharisees whom Jesus reproached (cf. *Mt* 23:13).

The reading from the Acts of the Apostles (12:1-11) shows us *three examples of "closing"*: Peter is cast into prison; the community gathers behind closed doors in prayer; and – in the continuation of our reading – Peter knocks at the closed door of the house of Mary, the mother of John called Mark, after being set free. In these three examples of "closing", *prayer* appears as the main *way out*. It is a way out for the community, which risks closing in on itself out of persecution and fear. It is a way out for Peter who, at the very beginning of the mission given him by the Lord, is cast into prison by Herod and risks execution. While Peter was in prison, "the church prayed fervently to God for him" (*Acts* 12:5). The Lord responds to that prayer and sends his angel to liberate Peter, "rescuing him from the hand of Herod" (cf. v. 11). Prayer, as humble entrustment to God and his holy will, is always the way out of our becoming "closed", as individuals and as a community.

*Paul* too, writing to Timothy, speaks of his experience of liberation, of finding a way out of his own impending execution. He tells us that the Lord stood by him and gave him strength to carry out the work of evangelizing the nations (cf. *2 Tim* 4:17). But Paul speaks too of a much greater "opening", towards an infinitely more vast horizon. It is the horizon of eternal life, which awaits him at the end of his earthly "race". We can see the whole life of the Apostle in terms of *"going out" in service to the Gospel*. Paul's life was utterly projected forward, in bringing Christ to those who did not know him, and then in rushing, as it were, into Christ's arms, to be "saved for his

heavenly kingdom" (v. 18). Let us return to *Peter*. The Gospel account (*Mt* 16:13-19) of his confession of faith and the mission entrusted to him by Jesus shows us that the life of Simon, the fishermen of Galilee – like the life of each of us – *opens*, opens up fully, when it receives from God the Father the grace of faith. Simon sets out on the journey – a long and difficult journey – that will lead him to *go out* of himself, leaving all his human supports behind, especially his pride tinged with courage and generous selflessness. In this, his process of liberation, the*prayer* of Jesus is decisive: "I have prayed for you [Simon], that your own faith may not fail" (*Lk* 22:32). Likewise decisive is the *compassionate gaze* of the Lord after Peter had denied him three times: a gaze that pierces the heart and brings tears of repentance (cf. *Lk* 22:61-62). At that moment, Simon Peter *was set free from the prison of his selfish pride and fear*, and overcame the temptation of closing his heart to Jesus's call to follow him along the way of the cross.

I mentioned that, in the continuation of the passage from the Acts of the Apostles, there is a detail worthy of consideration (cf. 12:12-17). When Peter finds himself miraculously freed from Herod's prison, he goes to the home of the mother of John called Mark. He knocks on the closed door and a servant by the name of Rhoda comes. Recognizing Peter's voice, in disbelief and joy, instead of opening the door, she runs to tell her mistress. The account, which can seem comical, makes us perceive the climate of fear that led the Christian community to stay behind closed doors, but also closed to God's surprises. This detail speaks to us of a constant temptation for the Church, that of*closing in on herself* in the face of danger. But we also see the small openings through which God can work. Saint Luke tells us that in that house "many had gathered and were *praying*" (v. 12). Prayer enables grace to open a way out from closure to openness, from fear to courage, from sadness to joy. And we can add: *from division to unity*. Yes, we say this today with confidence, together with our brothers from the Delegation sent by the beloved Ecumenical Patriarch Bartholomew to take part in the celebration of the Holy Patrons of Rome. Today is also a celebration of communion for the whole Church, as seen by the presence of the metropolitan archbishops who have come for the blessing of the pallia, which they will receive from my representatives in their respective sees.

May Saints Peter and Paul intercede for us, so that we can joyfully advance on this journey, experience the liberating action of God, and bear witness to it before the world.

# യുവജനദിനം 2016

### ജൂലൈ 10, ഞായർ

### കെസിബിസി യുവജനകമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

### "കരുണയുള്ളവർ ഭാഗ്യവാന്മാർ, അവർക്കു കരുണ ലഭിക്കും" (മത്തായി 5:7)

മുപ്പത്തിയൊന്നാം ലോകയുവജനദിനാഘോഷങ്ങൾക്കായി പോളണ്ടിലെ ക്രാക്കോവ് നഗരം ഒരുങ്ങുകയാണ്. ലോകത്താകമാനമുള്ള യുവജനങ്ങൾ തങ്ങളുടെ വിശ്വാസം പ്രഖ്യാപിക്കുന്നതിനും സഭയോടുള്ള സഹവർത്തിത്വം ഊട്ടിഉറപ്പിക്കുന്നതിനും സമൂഹത്തോടുള്ള തങ്ങളുടെ ക്രൈസ്തവമായ പ്രതിജ്ഞാബദ്ധത നവീകരിക്കുന്നതിനുമായി ആഘോഷപൂർവം ഒന്നുചേരുന്ന ദിനങ്ങളാണ് ജൂലൈ മാസം 25 മുതൽ 31 വരെയുള്ള യുവജനദിനാഘോഷ വേള. കരുണയുടെ മഹാജൂബിലി പ്രഖ്യാപിച്ചിരിക്കുന്ന ഈ കാലഘട്ടത്തിൽ യുവജനങ്ങളുടെ കൂടിവരവുകളെല്ലാം ഈ കാലഘട്ടത്തിൽ കരുണയുടെ യുവജനസാക്ഷികളാകാനുള്ള ഓർമ്മപ്പെടുത്തലാണ്.

**പിതാവിനെപ്പോലെ കരുണാപൂർണർ** *(Merciful like the father)*

കരുണയുടെ മഹാജൂബിലി വർഷത്തിന്റെ ആത്പവാക്യം വിശുദ്ധ ലൂക്കായുടെ സുവിശേഷം ആറാം അധ്യായം മുപ്പത്തിയൊന്നാം തിരുവചനത്തെ കേന്ദ്രീകരിച്ചുള്ളതാണ്. "നിങ്ങളുടെ പിതാവ് കരുണയുള്ളവനായിരിക്കുന്നതുപോലെ നിങ്ങളും കരുണയുള്ളവരായിരിക്കുവിൻ". വിശുദ്ധ ലൂക്കോസിന്റെ സുവിശേഷം അറിയപ്പെടുന്നത്, 'കരുണയുടെ സുവിശേഷം' എന്നാണ്. മാപ്പു നല്കലിന്റെ സുവിശേഷം, ദരിദ്രരുടെ സുവിശേഷം, സ്ത്രീകളുടെ സുവിശേഷം, വിജാതീയരുടെ സുവിശേഷം എന്നിങ്ങനെ വിവിധ വിശേഷണങ്ങൾ കരുണയുടെ സുവിശേഷം എന്നറിയപ്പെടുന്ന വിശുദ്ധ ലൂക്കായുടെ സുവിശേഷത്തിനുണ്ട്.

കാരുണ്യത്തിന്റെ അസാധാരണ ജൂബിലി വർഷത്തിൽ യുവജനങ്ങൾ സവിശേഷശ്രദ്ധയോടെ വായിക്കുകയും പഠിക്കുകയും ചർച്ചചെയ്യുകയും ചെയ്യേണ്ട ഒന്നാണ് കരുണയുടെ സുവിശേഷം. സമൂഹത്തിന്റെ സമഗ്രവിമോചനത്തിനായി എന്നും മുന്നിട്ടിറങ്ങി ശബ്ദമില്ലാത്തവരുടെ ശബ്ദമായി സമൂഹത്തിലെ വേറിട്ട ശബ്ദമായി നിലനില്ക്കേണ്ട യുവജനങ്ങളുടെ മാതൃകയും പ്രതീക്ഷയുമായ യുവാവായ യേശുനാഥന്റെ നയപ്രഖ്യാപനം വിശുദ്ധ ലൂക്കായുടെ സുവിശേഷത്തിൽ മാത്രം കാണുന്ന പ്രത്യേക

തയാണ്. "കർത്താവിന്റെ ആത്മാവ് എന്റെ മേലുണ്ട്. ദരിദ്രരെ സുവിശേഷം അറിയിക്കാൻ അവിടുന്നെന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ബന്ധിതർക്ക് മോചനവും അന്ധർക്കു കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്കു സ്വാതന്ത്ര്യവും കർത്താവിന് സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കുവാൻ അവിടന്ന് എന്നെ അയച്ചിരിക്കുന്നു".

**കരുണയുടെ യുവജനസാക്ഷികൾ**

ബേത്‌ലേഹമിൽ നിന്നും കാൽവരിയോളം സഞ്ചരിച്ച മനുഷ്യനായി പിറന്ന യേശുനാഥൻ തന്റെ മുഖം കരുണയുടേതാണെന്ന് തന്റെ വാക്കിലൂടെയും പ്രവൃത്തിയിലൂടെയും ലോകത്തോട് വിളിച്ചു പറഞ്ഞു. വിശക്കുന്നവന് അപ്പമായും രോഗിക്ക് സൗഖ്യമായും തളർന്നവന് ആശ്വാസമായും മനമിടിഞ്ഞവർക്ക് പ്രതീക്ഷയായും മരിച്ചവന് ഉത്ഥാനമായും ലോകം അവനെ പ്രതീക്ഷയോടെ തിരിച്ചറിഞ്ഞു.

തന്റെ വാക്കിലും പ്രവൃത്തിയിലും കാരുണ്യം കവിഞ്ഞൊഴുക്കി, ആശ്വാസദായകനായി കടന്നുവന്ന യേശുനാഥൻ എക്കാലത്തും യുവജനങ്ങളുടെ മാതൃകയാണ്. നൂറ്റാണ്ടുകൾക്കിപ്പുറം വിവിധ സേവനമേഖലകളിൽ തങ്ങളുടെ ജീവിതം യേശുവിനുവേണ്ടി പൂർണമായും സമർപ്പിച്ച് മനുഷ്യർക്കായി പൂർണമായി പങ്കുവയ്ക്കുന്ന കരുണയുടെ മാലാഖമാരിലൂടെ ഇന്നും പിതാവായ ദൈവത്തിന്റെ കരുണയുടെ മുഖമായ യേശുനാഥനെ ലോകം തിരിച്ചറിയുന്നു. ലോകത്തിന്റെ വിവിധ മിഷൻ മേഖലകളിൽ വേല ചെയ്യുന്ന സന്ന്യസ്തരിലും പുരോഹിതരിലും അല്മായ സഹോദരങ്ങളിലും ഭൂരിഭാഗവും യുവനജങ്ങളാണ്. യുദ്ധഭൂമിയിലും സദാ ജാഗരൂകരായി തങ്ങളുടെ മാതൃരാജ്യത്തിനു കാവൽനില്ക്കുന്ന അതിർത്തി മേഖലകളിലും കരുണയുടെയും നീതിയുടെയും കാവൽ ഭടന്മാരാകുന്നത് സ്വജീവിതം അനേകർക്കായി ത്യാഗമായി നല്കുന്ന യുവജനങ്ങളാണ്.

**കരുണയുള്ളവർ ഭാഗ്യവാന്മാർ**

മുപ്പത്തിയൊന്നാം ലോകയുവജനദിനാഘോഷങ്ങളുടെ ആപ്തവാക്യം വിശുദ്ധ മത്തായിയുടെ സുവിശേഷം അഞ്ചാം അധ്യായത്തിലെ സവിശേഷഭാഗങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്ന തിരുവചനഭാഗങ്ങളിലെ ഏഴാം വാക്യമാണ്. "കരുണയുള്ളവർ ഭാഗ്യവാന്മാർ, അവർക്കു കരുണ ലഭിക്കും" (മത്തായി 5:7). കരുണയുടെ മഹാജൂബിലി വർഷത്തിന്റെ ആപ്തവാക്യവും ലോകയുവജനദിനാഘോഷങ്ങളുടെ ആപ്തവാക്യവും ഏറെ സമാനതകളുള്ളതാണ്. പിതാവായ ദൈവത്തിന്റെ കരുണയുടെ മുഖമായ

യേശുനാഥന്റെ കരുണയുടെ യുവജനസാക്ഷികളാകാനുള്ള വിളി ഈ കാലഘട്ടത്തിന്റെ പ്രത്യേക നിയോഗമായി ഏറ്റെടുത്തുകൊണ്ട് ഭീകരതയും പട്ടിണിയും അക്രമവും അസമത്വവും അഴിമതിയും മനുഷ്യനിർമ്മിതമായ പ്രകൃതി ദുരന്തങ്ങളും കൊടികുത്തി വാഴുന്ന ആധുനികലോകത്തിൽ കരുണയുടെ കാവൽക്കാരായി യേശുവിന് സാക്ഷ്യം വഹിക്കണമെന്ന് ഈ തിരുവചനങ്ങൾ ഓർമ്മിപ്പിക്കുന്നു.

**കാരുണ്യവർഷവും കേരളത്തിലെ യുവജനങ്ങളും**

കേരളത്തിലെ മുപ്പത്തിയൊന്ന് രൂപതകളിലെയും യുവജനങ്ങളുടെ പഠനത്തിനും വിചിന്തനത്തിനും കർമ്മപദ്ധതികൾക്കുമായി കെസിബിസി യുവജനകമ്മീഷൻ ഈ വർഷം മുമ്പോട്ടുവയ്ക്കുന്ന പഠനവിഷയം, ആഗോള കത്തോലിക്കാസഭയുടെ കാരുണ്യവർഷചിന്തകളോടും ഫ്രാൻസിസ് മാർപാപ്പായുടെ ലോകയുവജനദിനസന്ദേശത്തോടും താദാത്മ്യം പ്രാപിച്ചുകൊണ്ടുള്ളതാണ്. കേരളത്തിലെ എല്ലാ യുവജനസംഘടനകളും കെസിബിസി യുവജനകമ്മീഷൻ മുമ്പോട്ടുവയ്ക്കുന്ന പഠനവിഷയമായ **'കരുണയുടെ യുവജനസാക്ഷികൾ: പരിസ്ഥിതി സൗഹൃദം – ലഹരി വിരുദ്ധസമൂഹം – ജീവന്റെ സംരക്ഷണം'** എന്ന പഠനവിഷയം അത് അർഹിക്കുന്ന പ്രാധാന്യത്തോടെ ഏറ്റെടുക്കേണ്ടതാണ്.

ഈ വർഷത്തെ പ്രധാന പഠനവിഷയമായ 'കരുണയുടെ യുവജനസാക്ഷികൾ' എന്ന പ്രധാന തലവാചകത്തിന്റെ ഉപവിഭാഗങ്ങളാണ് 'പരിസ്ഥിതി സൗഹൃദം', 'ലഹരിരഹിതസമൂഹം', 'ജീവന്റെ സംരക്ഷണം' എന്നിവ. മനുഷ്യനും പരിസ്ഥിതിയും നേരിടുന്ന ആധുനിക വെല്ലുവിളികൾ ഏറെ കരുണയോടും ശ്രദ്ധയോടും സമീപിക്കേണ്ട വിഷയങ്ങളാണെന്നും അവയെ പരിചരിക്കുന്നതിൽ കരുണയുടെ യുവജനസാക്ഷികളാകുവാനുള്ള പ്രത്യേക വിളിയാണ് ഓരോ യുവാവിനും യുവതിക്കും ഉള്ളതെന്നും ഈ പഠനവിഷയം നമ്മെ അനുസ്മരിപ്പിക്കുന്നു.

തീരദേശ മക്കളുടെ നിലയ്ക്കാത്ത കണ്ണീരും നാളയെക്കുറിച്ചുള്ള ആകുലതയും മലനാടിന്റെ പച്ചയായ മനുഷ്യരുടെ നിസ്സഹായ അവസ്ഥകളും ദളിത് വിഭാഗങ്ങളുടെ സമത്വത്തിനുവേണ്ടിയുള്ള സമരങ്ങളും ഹരിതാഭ നഷ്ടപ്പെടുന്ന ഭൂമിയുടെ ഉൾക്കിടിലങ്ങളും അന്യം നിന്നുപോകുന്ന ജീവജാലങ്ങളുടെ ജീവൻ മരണപോരാട്ടവും ഓരോ യുവാവിന്റെയും യുവതിയുടെയും ഉറക്കം നഷ്ടപ്പെടുത്തുന്ന പ്രതിധ്വനികളാവണം. കരുണയുടെ ഈ വർഷത്തിൽ ആഘോഷിക്കപ്പെടുന്ന യുവജനദിന കർമ്മപരിപാടികളും ഈ വർഷത്തെ എല്ലാ യുവജനശുശ്രൂഷാമേഖലകളും മനുഷ്യനെയും പ്രകൃ

തിയെയും എല്ലാ ജീവജാലങ്ങളെയും നൊമ്പരപ്പെടുത്തുന്ന വിഷയങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുന്നവയാവണം.

കേരള കത്തോലിക്കാ യുവജനപ്രസ്ഥാനമായ കെസിവൈഎം മുപ്പത്തിയൊന്നു രൂപതകളിലെയും യുവജനങ്ങളിലേക്കും സഭാസമൂഹങ്ങളിലേക്കും കെസിബിസി യുവജനകമ്മീഷൻ ആവശ്യപ്പെട്ട ഈ പഠനവിഷയം എത്തിക്കാൻ പ്രത്യേക ശ്രദ്ധ ചെലുത്തുന്നതിൽ ഏറെ സന്തോഷമുണ്ട്. കേരളത്തിലെ യുവജനശുശ്രൂഷയ്ക്ക് സംസ്ഥാനതലത്തിലും വ്യക്തിഗത സഭാതലത്തിലും എല്ലാ രൂപതകളിലും യുവജനശുശ്രൂഷയ്ക്ക് നേതൃത്വം നല്കുന്ന ഡയറക്ടർ അച്ചന്മാരെയും ആനിമേറ്റേഴ്സായി സേവനം ചെയ്യുന്ന ബഹുമാനപ്പെട്ട സന്ന്യാസിനികളെയും അല്മായ സഹോദരങ്ങളെയും എല്ലാ യുവജനങ്ങളെയും ഇത്തരുണത്തിൽ നന്ദിയോടെ അനുസ്മരിക്കുന്നു. തിരുസഭയുടെ നന്മകളും വിശ്വാസവും സഭയിലും സമൂഹത്തിലും പകർന്നു നല്കുന്നതിന് അവർ നല്കുന്ന സേവനങ്ങൾക്ക് ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

**ഉപസംഹാരം**

കരുണയുള്ള ഭാഗ്യവാന്മാരായി പിതാവായ ദൈവത്തിന്റെ കരുണയുടെ മുഖമായ യേശുനാഥനു സാക്ഷ്യംനല്കുവാൻ സഭയുടെയും സമൂഹത്തിന്റെയും പ്രതീക്ഷയായ യുവജനങ്ങൾക്ക് സാധിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു. ലേകയുവജനദിനത്തിന്റെ അനുഗ്രഹങ്ങളും മംഗളങ്ങളും നേർന്നുകൊണ്ട്,

**ബിഷപ്പ് മാർ ജോസഫ് പണ്ടാരശ്ശേരിൽ**
ചെയർമാൻ, കെസിബിസി യുവജനകമ്മീഷൻ

**ബിഷപ്പ് വിൻസെന്റ് സാമുവൽ**
വൈസ് ചെയർമാൻ, കെസിബിസി യുവജനകമ്മീഷൻ

**ബിഷപ്പ് ഫിലിപ്പോസ് മാർ സ്തേഫാനോസ്**
വൈസ് ചെയർമാൻ, കെസിബിസി യുവജനകമ്മീഷൻ

കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം,
പി.ഒ.സി., കൊച്ചി – 682 025

# THE SYRO- MALANKARA CATHOLIC CHURCH

**MORAN MOR BASELIOS CARDINAL CLEEMIS**
MAJOR ARCHBISHOP-CATHOLICOS

Major Archiepiscopal Curia
Catholicate Centre
Pattom, Trivandrum-695004

Prot No CCL 2/2016 21.06.2016

## ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ 63-ാം ഓർമ്മപ്പെരുന്നാൾ

അഭിവന്ദ്യ പിതാക്കന്മാരേ, വന്ദ്യ കോറെപ്പിസ്ക്കോപ്പാമാരേ, റമ്പാച്ചന്മാരേ, ബഹു. വൈദികരേ, ശെമ്മാശന്മാരേ, സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളേ!

മലങ്കര സഭയ്ക്ക് അസാധ്യമെന്ന് കരുതിയ സഭൈക്യപരിശ്രമങ്ങൾക്ക് ദിശാബോധം പകർന്ന്, 19-ാം നൂറ്റാണ്ടിലെ മഹത്തായ സഭൈക്യ സംരംഭത്തിന് നേതൃത്വം നൽകിയ പുണ്യചരിതൻ, ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ 63-ാം ഓർമ്മപ്പെരുന്നാൾ ജൂലൈ 1 മുതൽ 15 വരെ പട്ടം, സെന്റ് മേരീസ് കത്തീഡ്രൽ ദൈവാലയത്തിൽ ആഘോഷിക്കുകയാണ്. ഓർമ്മപ്പെരുന്നാൾ ദിവസമായ ജൂലൈ 15-ന് ആഘോഷമായ പൊന്തിഫിക്കൽ കുർബാനയും കബറിങ്കൾ പ്രത്യേക പ്രാർത്ഥനാ ശുശ്രൂഷകളും ഉണ്ടായിരിക്കുന്നതാണ്. ഈ വർഷത്തെ ഓർമ്മപ്പെരുന്നാളിൽ നമ്മുടെ മുഖ്യാതിഥിയായി അമേരിക്കയിലെ കത്തോലിക്കാസഭയുടെ സമാദരണീയനായ വൈദിക മേലദ്ധ്യക്ഷനും, ന്യൂയോർക്ക് അതിരൂപതയുടെ ആർച്ചുബിഷപ്പുമായ അത്യുന്നത കർദിനാൾ തിമോത്തി മൈക്കിൾ ഡോളൻ സംബന്ധിക്കുന്നു എന്ന വിവരം സസന്തോഷം ഞാൻ നിങ്ങളെ അറിയിക്കട്ടെ.

ദൈവത്തിന്റെ കരുണയുടെ മുഖം സഭയൊന്നാകെ ധ്യാനിക്കുന്ന ഈ കാലയളവിൽ വന്ദ്യതാതന്റെ ഓർമ്മപ്പെരുന്നാളിന് വളരെയധികം പ്രസക്തിയുണ്ട്. മതാന്തരസംവാദങ്ങൾക്കും, അനുരഞ്ജന കൂദാശയ്ക്കും, ദൈവവചനപഠനങ്ങൾക്കും, കാരുണ്യപ്രവൃത്തികൾക്കും ഏറെ പ്രാധാന്യം നൽകിയാണ് പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പാ ഈ കാരുണ്യവർഷത്തിലെ

ആഘോഷങ്ങൾ ക്രമീകരിച്ചിരിക്കുന്നത്. നമ്മുടെ പിതാവായ ദൈവദാസൻ മാർ ഈവാനിയോസ് വലിയ മെത്രാപ്പോലിത്ത തന്റെ ജീവിതത്തിലൂടെ നമുക്ക് പകർന്നുതന്നതും ദൈവകരുണയുടെ ജീവിതശൈലികളാണ്. ദൈവ വചനത്തിന്റെ ഉപാസകൻ, വി. കുർബാനയുടെ ഭക്തൻ, അനുരഞ്ജന കൂദാശയുടെ ഉദാത്തമായ മാതൃക, സന്യാസ സംശുദ്ധിയുടെ മാർഗ്ഗദർശി, വിദ്യാഭ്യാസ വിചക്ഷണൻ, സഭൈക്യ പരിശ്രമങ്ങളുടെ ജീവിതസാക്ഷി, മതസൗഹാർദ്ദത്തിന്റെ പ്രചാരകൻ ഇവയുടെയൊക്കെ ആകെത്തുകയാണ് ആ പുണ്യജീവിതം. ക്രാന്തദർശിയായ ഈ ശ്രേഷ്ഠാചാര്യന്റെ നിതാന്ത ജാഗ്രതയിൽ പടർന്നു പന്തലിക്കുവാനുള്ള ഭാഗ്യം മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്ക് ദൈവം നൽകിയ വലിയ അനുഗ്രഹമാണ്.

ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ കബറിങ്കൽ ദിനം പ്രതി പ്രാർത്ഥനയ്ക്കായി എത്തിച്ചേരുന്ന നിരവധിയായ തീർത്ഥാടകരുടെ സാക്ഷ്യം നമ്മുടെ പ്രിയ പിതാവിന്റെ ജീവിത വിശുദ്ധിയും, ഐക്യത്തിന്റെ സാക്ഷ്യവും ദൈവം അംഗീകരിച്ചിരിക്കുന്നു എന്നതിന്റെ പ്രത്യക്ഷ ഉദാഹരണങ്ങളാണ്. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ എല്ലാ നേട്ടങ്ങളുടേയും പിന്നിൽ വന്ദ്യ താതന്റെ നിസ്തന്തരമായ പ്രാർത്ഥനയും ത്യാഗോജ്ജ്വലമായ പരിശ്രമങ്ങളുമുണ്ട്. ദൈവദാസന്റെ നാമകരണത്തിന്റെ സഭാതല നടപടികൾ പുതിയ ഒരു ഘട്ടത്തിലേക്ക് പ്രവേശിച്ചിരിക്കുന്ന ഈ വേളയിൽ സഭാമക്കൾ ഒന്നാകെ ഏറെ തീഷ്ണതയോടെ പ്രാർത്ഥിക്കുവാനും പുന:സമർപ്പിക്കുവാനും കടപ്പെട്ടിരിക്കുന്നു. ഈ നിയോഗത്തിൽ ദൈവത്തിന്റെ അത്ഭുതകരമായ ഇടപെടലിനായി സഭാമക്കളൊരുമിച്ച് ഉപവസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യണം.

മുൻ വർഷങ്ങളിലെപ്പോലെ ഈ വർഷവും ജൂലൈ 1 മുതൽ 15 വരെ ആത്മീയ ഒരുക്കങ്ങളോടെയാണ് ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ ഓർമ്മപ്പെരുന്നാൾ പട്ടം സെന്റ് മേരീസ് കത്തീഡ്രലിൽ നാം ആഘോഷിക്കുന്നത്. ഓർമ്മപ്പെരുനാളിന് ഒരുക്കമായ ഈ 15 ദിവസങ്ങൾ നമ്മുടെ സഭയെ സംബന്ധിച്ച് നോമ്പിന്റെയും ഉപവാസത്തിന്റെയും അവസരമാണല്ലോ. ഈ ദിവസങ്ങളിൽ പ്രത്യേകമായ പ്രാർത്ഥനകളും, പുണ്യപ്രവർത്തികളും നമ്മുടെ എല്ലാ ഇടവകകളും സന്യാസ-സന്യാസിനീഭവനങ്ങളും കുടുംബങ്ങളും കേന്ദ്രീകരിച്ച് നടത്തപ്പെടണമെന്ന കാര്യവും

പ്രത്യേകം ഓർമ്മിപ്പിക്കുന്നു. ഓരോ ദിവസവും കബർ ചാപ്പലിൽ വി. കുർബാനയും, ധ്യാനയോഗങ്ങളും, ദിവ്യകാരുണ്യ ആരാധനയും ഉണ്ടായിരിക്കുന്നതാണ്. ബഹുമാനപ്പെട്ട വികാരിയച്ചന്മാരുടെ നേതൃത്വത്തിൽ തീർത്ഥാടക സംഘങ്ങളായി എത്തി കബറിൽ പ്രാർത്ഥിക്കുന്നത് ഇത്തരുണത്തിൽ ഏറെ അനുഗ്രഹപ്രദമായിരിക്കുമെന്ന് ഞാൻ പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

ജൂലൈ 10-ാം തീയതി പത്തനംതിട്ട ഭദ്രാസനത്തിലെ പെരുന്നാട്ടിൽ നിന്നും പ്രധാന തീർത്ഥാടന പദയാത്ര ആരംഭിക്കുന്നതാണ്. സഭയുടെ വിവിധ ഭദ്രാസനങ്ങളിൽ നിന്നും അനേകം തീർത്ഥാടകർ പ്രാർത്ഥനാപൂർവ്വം പങ്കെടുക്കുന്ന ഈ പ്രധാന പദയാത്രയ്ക്ക് മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ യുവജനപ്രസ്ഥാനത്തിന്റെ (എം.സി.വൈ.എം.) സഭാതല സമിതി നേതൃത്വം നൽകുന്നതാണ്. തിരുവല്ല, മാവേലിക്കര, മാർത്താണ്ഡം., ഗുഡ്ഗാവ് എന്നീ ഭദ്രാസനങ്ങളിൽ നിന്നും, പൂന-കട്കി എക്സാർക്കേറ്റിൽനിന്നും, ഭാരതത്തിനു പുറത്തുള്ള കേന്ദ്രങ്ങളിൽനിന്നും പദയാത്രകൾ നടത്തി പ്രധാന പദയാത്രയോടു ചേരും. ആത്മീയമായ ഒരുക്കത്തോടെയും, പ്രാർത്ഥനയോടെയും ഈ പദയാത്രകളിൽ അണിചേരുവാൻ ഏവരേയും പ്രത്യേകം ക്ഷണിക്കുന്നു. തീർത്ഥാടന പദയാത്രയിൽ സംബന്ധിക്കുന്നവർ നോമ്പ് നിർബ്ബന്ധമായി അനുഷ്ഠിച്ചുകൊണ്ട് വേണം ഈ ആത്മീയ ശുശ്രൂഷയിൽ സംബന്ധിക്കേണ്ടത് എന്ന് ഞാൻ പ്രത്യേകം ഓർമ്മപ്പെടുത്തുന്നു.

ജൂലൈ 14-ാം തിയതി വൈകിട്ട് സന്ധ്യാപ്രാർത്ഥനയും തുടർന്ന് മെഴുകുതിരി പ്രദക്ഷിണവും ഉണ്ടായിരിക്കുന്നതാണ്. അന്നുതന്നെ സന്ധ്യാപ്രാർത്ഥനക്കുശേഷം സുവിശേഷസംഘത്തിന്റെ 3-ാം ബാച്ച് അംഗങ്ങളുടെ കൈവയ്പു ശുശ്രൂഷ നടത്തപ്പെടും. ഓർമ്മപ്പെരുന്നാൾ ദിവസമായ 15-ാം തീയതി ആഘോഷമായ വി. കുർബാനയും കബറിങ്കൽ ധൂപപ്രാർത്ഥനയും, നേർച്ചയും ഉണ്ടായിരിക്കും. നമ്മുടെ സഭയിലെ എല്ലാ ബഹു. വൈദികരെയും ഓർമ്മപ്പെരുന്നാൾ കുർബാനയിൽ സഹകാർമ്മികരായി പങ്കുചേരുന്നതിന് ഞാൻ പ്രത്യേകം ക്ഷണിക്കുന്നു. ഈ ദിവസങ്ങളിൽ വി.കുമ്പസാരത്തിന് പ്രത്യേക അവസരവും ഉണ്ടായിരിക്കുന്നതാണ്. ജൂലൈ 1-ാം തിയതി മുതൽ കബർ ചാപ്പലിൽ വർഷം മുഴുവൻ എല്ലാ ദിവസവും പ്രാർത്ഥി

ക്കുന്ന ഒരു മധ്യസ്ഥപ്രാർത്ഥന മാർ ഈവാനിയോസ് പ്രയർ മിനിസ്ട്രി എന്നപേരിൽ നാം ആരംഭിക്കുന്നു. സഭാതല സുവിശേഷ സംഘം ഈ ശുശ്രൂഷയ്ക്ക് നേതൃത്വം നൽകുന്നതാണ്. ഓർമ്മപ്പെരുന്നാളി നോടനുബന്ധിച്ചുള്ള വി. കുർബാനയിലും മറ്റു ശുശ്രൂഷകളിലും സംബന്ധിച്ച് അനുഗ്രഹം പ്രാപിക്കുവാൻ ഏവരെയും ഞാൻ ഹൃദയപൂർവ്വം സ്വാഗതം ചെയ്യുന്നു.

ദൈവത്തിന്റെ കരുണയുടെ മുഖമാണ് മലങ്കരയ്ക്ക് ദൈവദാസൻ മാർ ഈവാനിയോസ്. ആ കാരുണ്യ മുഖത്തെയാണ് പുത്തൻകൂർ സമൂഹത്തിന് ദിശാബോധവും, സുവിശേഷ ദാഹവും, പ്രേഷിതാഭിമുഖ്യവും, ചലനാത്മകതയും നല്കാൻ ദൈവം വിളിച്ച് വേർതിരിച്ചത്. വ്യവഹാരങ്ങളല്ല, വ്യവസ്ഥകളില്ലാത്ത സ്നേഹവും വിട്ടുവീഴ്ചകളുമാണ് യഥാർത്ഥ സഭാസ്നേഹമെന്നും അതിലൂടെ മാത്രമെ ദൈവാരാധനയും, ദൈവസമ്പാദനവും സാധ്യമാവുകയുള്ളൂവെന്നും ആ ക്രാന്തദർശി തിരിച്ചറിഞ്ഞു. ദൈവസ്നേഹിയും സഭയെ സ്വജീവനേക്കാൾ സ്നേഹിക്കുകയും അധ:സ്ഥിതരെ സഹോദരരായി കരുതുകയും മാനവ നന്മ ലക്ഷ്യം വച്ച് ദൈവമഹത്വം ഉയർത്തിപിടിക്കുകയും ചെയ്ത ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ കാൽപാടുകൾ പിൻതുടരുവാനും ദർശനങ്ങൾ പങ്കുവയ്ക്കുവാനും നമുക്ക് ഓരോരുത്തർക്കും സാധിക്കട്ടെ. അതിന് നേർവെളിച്ചം നൽകാൻ 63-ാം ഓർമ്മപ്പെരുന്നാൾ നമുക്കിടയാക്കട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുന്നു.

**ദൈവം നിങ്ങളെ ഏവരേയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.**

എന്ന്,

കർത്താവിൽ നിങ്ങളുടെ വിനീതശുശ്രൂഷി



**✠ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ്**
മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ
മേജർ ആർച്ച്ബിഷപ്പ്-കാതോലിക്കാബാവാ.

21.06.2016
ImtXment ¡ äskâÀ
]«w, Xncph\ ´ ]pcw.

# HmÀ½s ¸ cp¶mÄ 2016

**ജൂലൈ 1 മുതൽ 14 വരെ**

| | | |
|---|---|---|
| 9.00 a.m | : | **മാർ ഈവാനിയോസ് പ്രെയർ മിനിസ്ട്രി**യുടെ ഉദ്ഘാടനം (ജൂലൈ 1-ന് കബർ ചാപ്പലിൽ) |
| 9 a.m.-5 p.m. | : | കബറിങ്കൽ പ്രാർത്ഥനാ ശുശ്രൂഷകൾ |
| | : | സന്ധ്യാനമസ്ക്കാരം |
| 5.30 p.m. | : | വി. കുർബാന |

**ജൂലൈ 10 (ഞായർ) – പെരുനാട്**

| | | |
|---|---|---|
| 6.15 a.m. | : | പ്രഭാത നമസ്കാരം, വി. കുർബാന |
| 8 a.m. | : | പെരുനാട്ടിൽനിന്നുള്ള പ്രധാന തീർത്ഥാടന പദയാത്ര **ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് കാതോലിക്കാബാവാ** ഉദ്ഘാടനം ചെയ്യുന്നു. |
| **മറ്റു പദയാത്രകൾ** | : | മാവേലിക്കരയിൽ നിന്ന് 7.30 a.m., ജൂലൈ 10 ഞായർ |
| | : | തിരുവല്ലായിൽ നിന്ന് 2.30 p.m., ജൂലൈ 10 ഞായർ |
| | : | മാർത്താണ്ഡത്തു നിന്ന് 8.30 a.m., ജൂലൈ 13 ബുധൻ |

**ജൂലൈ 14 (വ്യാഴം)**

| | | |
|---|---|---|
| 5 p.m. | : | പെരുന്നാട്ടിൽനിന്നുള്ള പ്രധാന പദയാത്രികരെ കബറിങ്കൽ സ്വീകരിക്കുന്നു. |
| 5.30 p.m. | : | സന്ധ്യാനമസ്കാരം (കത്തീഡ്രൽ) |
| | : | സുവിശേഷസംഘാംഗങ്ങൾക്ക് കൈവെയ്പ് ശുശ്രൂഷ |
| | : | മെഴുകുതിരി പ്രദക്ഷിണ നേർച്ച |
| | : | കബറിങ്കൽ ധൂപപ്രാർത്ഥന |
| 8.00 p.m.മുതൽ | : | കബറിങ്കൽ അഖണ്ഡപ്രാർത്ഥന |

**ജൂലൈ 15 (വെള്ളി)**

| | | |
|---|---|---|
| 8 a.m. | : | അത്യുന്നത കർദ്ദിനാൾ തിമോത്തി ഡോളന് കത്തീഡ്രൽ കവാടത്തിൽ സ്വീകരണം. |
| 8.30 a.m. | : | പ്രഭാത നമസ്ക്കാരം |
| | : | ആഘോഷമായ പൊന്തിഫിക്കൽ കുർബാന (വിശുദ്ധ സമൂഹബലി) |
| | : | സുവിശേഷപ്രഘോഷണം: **അത്യുന്നത കർദ്ദിനാൾ തിമോത്തി ഡോളൻ** |
| | : | സുവിശേഷസംഘാംഗങ്ങൾക്ക് മെഴുകുതിരിയും ബൈബിളും നൽകുന്നു |
| | : | കബറിങ്കൽ ധൂപപ്രാർത്ഥന |
| | : | ശ്രാദ്ധ സദ്യ |

# THE SYRO-MALANKARA CATHOLIC CHURCH

**MORAN MOR BASELIOS CARDINAL CLEEMIS**
Major Archbishop-Catholicos

Major Archiepiscopal Curia
Catholicate Centre
Pattom, Trivandrum-695004

No. CCL 2/2016

01 JUNE 2016

## മാർ ഈവാനിയോസ് പ്രെയർ മിനിസ്ട്രി

വന്ദ്യ കോറെപ്പിസ്കോപ്പാമാരേ, റമ്പാന്മാരേ, ബഹു. വൈദികരേ, ശെമ്മാശന്മാരേ, ബഹുമാനപ്പെട്ട സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളെ,

ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ വിശുദ്ധിയുടെ പരിമളം സഭ മുഴുവനിലും വ്യാപിക്കുന്നു എന്നതിൽ ദൈവത്തെ സ്തുതിക്കുന്നു. പുണ്യപിതാവിന്റെ കബറിങ്കൽ ആയിരക്കണക്കിന് വ്യക്തികൾ മാധ്യസ്ഥത്തിനായി കടന്നുവരുന്നത് കാണുമ്പോൾ വന്ദ്യപിതാവിന്റെ വിശുദ്ധ ജീവിതത്തെക്കുറിച്ച് നമുക്ക് കൂടുതൽ ബോധ്യം ലഭിക്കുന്നു. പട്ടം സെന്റ് മേരീസ് കത്തീഡ്രലിൽ സ്ഥിതി ചെയ്യുന്ന വന്ദ്യ പിതാവിന്റെ കബറിടത്തിൽ വർഷത്തിൽ എല്ലാ ദിവസവും തുടർച്ചയായി രാവിലെ 9 മണി മുതൽ വൈകിട്ട് 5 മണി വരെ മധ്യസ്ഥ പ്രാർത്ഥന നടത്താൻ തീരുമാനിച്ചിരിക്കുന്നു. ഈ മാധ്യസ്ഥ പ്രാർത്ഥനയുടെ ഉത്തരവാദിത്തം മലങ്കര സുറിയാനി കത്തോലിക്കാ സുവിശേഷസംഘം ഏറ്റെടുത്തു നിർവ്വഹിക്കുന്നതാണ്. സുവിശേഷസംഘം നേതൃത്വം നല്കുന്ന ചെറിയൊരു സംഘം ഒരു ബഹു. സിസ്റ്ററിന്റെ നേതൃത്വത്തിൽ പ്രാർത്ഥന നയിക്കുന്നതായിരിക്കും. എല്ലാദിവസവും രാവിലെ 9 മണിക്ക് ആരംഭിക്കുന്ന ഈ മധ്യസ്ഥ പ്രാർത്ഥന വിശുദ്ധ കുർബാനയോടുകൂടി വൈകിട്ട് 5 മണിക്ക് അവസാനിക്കുന്നതായിരിക്കും. പ്രാർത്ഥന നിയോഗങ്ങൾ ഫോണിലൂടെ അറിയിക്കാനുള്ള ക്രമീകരണം ചെയ്യുന്നതാണ്. നിയോഗങ്ങൾ ഫോണിലൂടെ ലഭിച്ചു കഴിഞ്ഞാൽ ഉടൻ തന്നെ ആ നിയോഗങ്ങൾ എഴുതി പ്രാർത്ഥന നടത്തുന്നവരെ അറിയിക്കുന്നതും അവർ ആ നിയോഗത്തിൽ പ്രാർത്ഥിക്കുന്നതുമായിരിക്കും. കൂടാതെ ഓരോ ദിവസവും വരുന്ന പ്രാർത്ഥനാ നിയോഗങ്ങൾ ഒന്നിച്ച് ചേർത്ത് ആ ദിവസം നടത്തുന്ന വിശുദ്ധ കുർബാനയുടെ സമയത്ത് പ്രത്യേകം പ്രാർത്ഥിക്കുന്നതും വിശുദ്ധ കുർബാന അർപ്പിക്കുന്നതുമായിരിക്കും. ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ ഓർമ്മപ്പെരുന്നാളിനോടനുബന്ധിച്ചുള്ള ഒരുക്ക പ്രാർത്ഥന ആരംഭിക്കുന്ന

ജൂലൈ 1–ന് തന്നെ മധ്യസ്ഥ പ്രാർത്ഥന ഔദ്യോഗികമായി ആരംഭിക്കുന്നതാണ്.

നിങ്ങൾക്ക് ധാരാളം പ്രാർത്ഥനാ നിയോഗങ്ങൾ ഉണ്ടാകുമെന്നറിയാം. ഈ പ്രാർത്ഥനാ നിയോഗങ്ങൾ വിളിച്ചു പറഞ്ഞാൽ കൃത്യമായി പ്രാർത്ഥിക്കുമെന്നും ആ നിയോഗത്തിൽ വിശുദ്ധ കുർബാന അന്നു തന്നെ അർപ്പിക്കുമെന്നും തീർച്ചയുള്ള ഒരു പ്രാർത്ഥനാ സങ്കേതമായി നമ്മുടെ വന്ദ്യ പിതാവിന്റെ കബറിടം രൂപപ്പെട്ടുവരുന്നത് ദൈവാത്മാവിന്റെ കൃപയായി കാണുന്നു. വർഷത്തിൽ ചുരുങ്ങിയത് ഒരു ദിവസമെങ്കിലും വന്ദ്യ പിതാവിന്റെ കബറിങ്കൽ വന്ന് മധ്യസ്ഥപ്രാർത്ഥന നടത്തുന്നതും വർഷത്തിൽ ഒരു ദിവസമെങ്കിലും കബറിങ്കൽ ഒരു വിശുദ്ധ കുർബാന അർപ്പിക്കുന്നതും ഒരു പുണ്യവും ഭാഗ്യവുമാണ്. ഈ മദ്ധ്യസ്ഥ പ്രാർത്ഥനാ ശുശ്രൂഷയോട് നമ്മുടെ എല്ലാ ഇടവകകളും ബഹു. വൈദികരും സന്ന്യസ്തരും സഹകരിക്കുകയും ഈ ശുശ്രൂഷയെ പ്രോത്സാഹിപ്പിക്കുകയും ചെയ്യണം. കബറിങ്കൽ വന്ന് ഈ മധ്യസ്ഥ പ്രാർത്ഥന നടത്തുന്നതിനും വിശുദ്ധ കുർബാന അർപ്പിക്കുന്നതിനും താൽപര്യമുള്ള ബഹു. വൈദികരും ഇടവക സമൂഹവും തിരുവനന്തപുരം മേജർ അതിരൂപതാ സുവിശേഷസംഘ ഡയറക്ടർ ബഹു. ഗോഡ്ജോയി അച്ചനെ ഫോണിൽ വിളിച്ച് ദിവസവും സമയവും ക്രമീകരിക്കാവുന്നതാണ്.

ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ കബറിടം മലങ്കര സുറിയാനി കത്തോലിക്കർക്ക് ഒരു ആത്മീയ വികാരവും ദൈവകൃപയുടെ സ്രോതസുമാണല്ലോ. ഈ മധ്യസ്ഥ പ്രാർത്ഥനാ ശുശ്രൂഷ എല്ലാവർക്കും അനുഗ്രഹമായിരിക്കട്ടെ എന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

നിങ്ങളെ എല്ലാവരേയും ദൈവം ധാരാളമായി അനുഗ്രഹിക്കട്ടെ!

കർത്താവിൽ സ്നേഹപൂർവ്വം,



✠ **കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് ബാവാ**
മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ
മേജർ ആർച്ചുബിഷപ്പ്–കാതോലിക്കോസ്.

---

പ്രാർത്ഥനാ നിയോഗങ്ങൾ അറിയിക്കാനുള്ള ഫോൺ നമ്പർ ഇടവക ജനങ്ങളെ അറിയിക്കണം. **Ph: 8281512877**

വി. കുർബാന കബറിങ്കൽ ക്രമീകരിക്കുന്നതിനും മധ്യസ്ഥപ്രാർത്ഥന ക്രമീകരിക്കുന്നതിനും റവ. ഫാ. ഗോഡ്ജോയി അച്ചനുമായി ബന്ധപ്പെടുക. **Ph: 8136825152**

# അമലഗിരി വാർത്തകൾ

**മാസ ധ്യാനം**

ബഹുമാനപ്പെട്ട വൈദികരുടെ ജൂലൈ മാസത്തിലെ ധ്യാനം 05 ജൂലൈ 2016 രാവിലെ 9.30 ന് കല്ലുമല മൈനർ സെമിനാരിയിൽ നടത്തപ്പെടുന്നു. ഫാ.വിജയാനന്ദ് തരകൻവീട് ഒ.ഐ.സി. ധ്യാനം നയിക്കും.

**ക്ലർജി ഹോം കൂദാശ**

ഭദ്രാസനത്തിനുവേണ്ടി കല്ലുമലയിൽ പുതുതായി നിർമ്മിച്ച ജോൺ മരിയ വിയാനി ക്ലർജി ഹോമിന്റെ കൂദാശ കർമ്മം 05 ജൂലൈ 2016 ഉച്ചകഴിഞ്ഞ് 2.00–ന് ക്രമീകരിച്ചിരിക്കുന്നു.

**മാർ ഈവാനിയോസ് കോളേജ്, മാവേലിക്കര**

കോളേജ് കെട്ടിട സമുച്ചയത്തിന്റെ കൂദാശകർമ്മം 05 ജൂലൈ 2016 ഉച്ചകഴിഞ്ഞ് 2.30 ന് ക്രമീകരിച്ചിരിക്കുന്നു.

**സംയുക്ത ആലോചനാസമിതിയോഗം**

ഭദ്രാസന എപ്പാർക്കിയൽ കൺസൾട്ടേഴ്സ്, പ്രസ്ബിറ്ററൽ കൗൺസിൽ എന്നിവയുടെ സംയുക്തയോഗം 16 ജൂലൈ 2016 രാവിലെ 9–ന് അമലഗിരി അരമനയിൽ സമ്മേളിക്കുന്നു.

**പാസ്റ്ററൽ കൗൺസിൽ യോഗം**

പാസ്റ്ററൽ കൗൺസിലിന്റെ യോഗം 16 ജൂലൈ 2016, രാവിലെ 10.30–ന് അമലഗിരി അരമനയിൽ സമ്മേളിക്കുന്നു.

# പ്രബോധന

**പുസ്തക ലഭ്യത**

2016–17 അധ്യയന വർഷത്തെ സണ്ടേസ്കൂൾ പുസ്തകങ്ങൾ മാവേലിക്കര അരമനയിലും, മാറനാട് ദേവാലയത്തിലും ജൂലൈ 30 വരെ

ലഭ്യമാകുന്നതാണ്. ജൂലൈ 30–ന് ശേഷം പുസ്തകങ്ങൾ വിതരണം ചെയ്യുന്നതല്ല.

**പ്രവേശനോത്സവം**

2016 ജൂൺ 5–ന് സണ്ടേസ്കൂൾ പ്രവേശനോത്സവം എല്ലാ ഇടവകകളിലും നടത്തി.

**ഇടവക സ്ഥിതിവിവരം**

ഇടവക സ്ഥിതിവിവര ഫോം പൂരിപ്പിച്ച് ജൂലൈ 30–ന് മുമ്പ് പ്രബോധനയുടെ കേന്ദ്ര ഓഫീസിൽ എത്തിക്കുക.

**വിശ്വാസപരിശീലനദിനം**

വിശ്വാസപരിശീലനദിനം 2016 ആഗസ്റ്റ് 7–ന് എല്ലാ ഇടവകകളിലും സമുചിതമായി ആഘോഷിക്കുക.

**സർഗ്ഗോത്സവം 2016 – ബൈബിൾ രചനാ മത്സരം**

ഇടവകതലത്തിൽ 2016 ആഗസ്റ്റ് 15–നകം പൂർത്തിയാക്കണം. ഭദ്രാസനതലത്തിൽ 2016 സെപ്റ്റംബർ 24 ശനിയാഴ്ച രാവിലെ 9.00 മണിക്ക് ജില്ലാ കേന്ദ്രങ്ങളിൽ നടത്തപ്പെടുന്നു.

# മലങ്കര കത്തോലിക്ക യുവജന പ്രസ്ഥാനം (MCYM)

**അർദ്ധവാർഷിക സെനറ്റ് സമ്മേളനം**

മാവേലിക്കര ഭദ്രാസനത്തിലെ യുവജനപ്രസ്ഥാനത്തിന്റെ അർദ്ധവാർഷിക സെനറ്റ് സമ്മേളനം 2016 ജൂൺ 11 ാം തീയതി മാവേലിക്കര മാർ ഈവാനിയോസ് ആർട്സ് & സയൻസ് കോളേജിൽ വച്ച് കറ്റാനം വൈദിക ജില്ലയുടെ ആതിഥേയത്വത്തിൽ നടത്തപ്പെട്ടു. അർദ്ധവാർഷിക സെനറ്റ് സമ്മേളനം ഭദ്രാസന പ്രസിഡന്റ് ശ്രീ സാൻ ബേബിയുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. ഭദ്രാസന വികാരി ജനറൽ വന്ദ്യ ജോർജ്ജ് ചരുവിള കോറെപ്പിസ്കോപ്പ ഉദ്ഘാടന

കർമ്മം നിർവഹിച്ച സമ്മേളനത്തിൽ, കറ്റാനം വൈദീക ജില്ലാ പ്രസിഡന്റ് ശ്രീ. സിബിൻ സ്വാഗതം ആശംസിക്കുകയും ഭദ്രാസന ഡയറക്ടർ ഫാ. ഫിലിപ്പ് ഇടയാനവിള ആമുഖ സന്ദേശം നൽകുകയും, ഭദ്രാസന ട്രഷറർ ശ്രീ. റെജി വർഗ്ഗീസ് നന്ദി അറിയിക്കുകയും ചെയ്തു. ഭദ്രാസനത്തിലെ എല്ലാ വൈദീക ജില്ലകളും റിപ്പോർട്ട് അതരിപ്പിക്കുകയും, ഭദ്രാസന സമിതി ഈ റിപ്പോർട്ട് പാസാക്കുകയും ചെയ്തു. തുടർന്ന് ഭദ്രാസന റിപ്പോർട്ട് ഭദ്രാസന ജനറൽ സെക്രട്ടറി ശ്രീ. സിജു ജോർജ്ജ് കൈതക്കോട് അവതരിപ്പിച്ചു. ഭദ്രാസനത്തിന്റെ അർദ്ധവാർഷിക കണക്ക് ശ്രീ. റെജി വർഗ്ഗീസ് അവതരിപ്പിച്ചു. തുടർന്ന് പദയാത്രാ സെനറ്റ് കൂടുകയും ആവശ്യമായ ക്രമീകരണങ്ങൾ വൈദിക ജില്ലകളുടെ നേതൃത്വത്തിൽ ചെയ്യുകയും ചെയ്തു. ഈ സെനറ്റ് സമ്മേളനത്തിൽ പങ്കെടുത്ത ഡയറക്ടേഴ്സ്, അനിമേറ്റർമാർ, ജില്ലാ ഭാരവാഹികൾ എന്നിവരോടും പ്രത്യേകമായി കറ്റാനം വൈദിക ജില്ലാ ഡയറക്ടർ ബഹു: തോമസ് പുത്തൻപറമ്പിൽ അച്ചനോടും, വൈദിക ജില്ല ഭാരവാഹികളോടുമുള്ള നന്ദിയും സ്നേഹവും അറിയിക്കുന്നു.

## തൂലിക - 2016 ഭദ്രാസന രചന മത്സരം

2016 വർഷത്തെ തൂലിക - 2016 ഭദ്രാസന രചന മത്സരങ്ങൾ ജൂലൈ 30 ന് അതാത് വൈദീക ജില്ലാ കേന്ദ്രങ്ങളിൽ വച്ച് നടത്തപ്പെടുന്നതായിരിക്കും.

**മത്സരയിനങ്ങളും നിബന്ധനകളും**

1. **പ്രോജക്ട് നിർവ്വഹണം - രാവിലെ 9.30 മുതൽ 11.00 വരെ**
   (പൊതുവിൽ 2 അംഗങ്ങളിൽ കവിയരുത്)

വിഷയം: പടർന്നു പിടിക്കുന്ന ക്യാൻസർ രോഗം

നമ്മുടെ നാട്ടിൽ പടർന്നുപിടിക്കുന്ന ക്യാൻസർ രോഗത്തിന്റെ രൂക്ഷാവസ്ഥ പത്രവാർത്തകളിലൂടെ നാം അറിഞ്ഞുകൊണ്ടിരിക്കുകയാണ്. ആശുപത്രികളിൽ രോഗികളെ കൊണ്ട് നിറഞ്ഞു കവിയുന്നു. ധാരാളം പേർ മരിക്കുന്നു.

**പ്രശ്നം:**

1. നിങ്ങളുടെ പ്രദേശത്ത് രോഗാവസ്ഥയുടെ സ്ഥിതിയെന്താണ്?
2. എത്രപേർക്ക് ക്യാൻസർ ബാധിച്ചു?
3. ക്യാൻസർ ഏറ്റവും കൂടുതലായി ബാധിച്ചത് ഏതു പ്രായത്തിലുള്ളവരെയാണ്, കുട്ടികളെയാണോ? അതോ മധ്യവയസരെയോ? യുവാക്കളെയോ?
4. രോഗത്തെ എങ്ങനെ അതിജീവിക്കാം?

**നിർദ്ദേശങ്ങൾ:-**

1. ലഭിച്ച പ്രശ്നം അപഗ്രഥിച്ച് ഉചിതമായ പഠനരീതി തീരുമാനിക്കണം.
2. വിവര ശേഖരണത്തിനായി പോകുന്നവരിൽ 50% എങ്കിലും യുവജനങ്ങൾ ആയിരിക്കണം.
3. പ്രോജക്ട് ഡയറി അനുബന്ധത്തിൽ ഉൾപ്പെടുത്തണം.
4. വിലയിരുത്തൽ സൂചകങ്ങൾ ഉപയോഗിച്ചായിരിക്കും പ്രോജക്റ്റുകൾ വിലയിരുത്തുന്നത്.
5. നിങ്ങളുടെ പ്രദേശം എന്നത് നിങ്ങളുടെ വാർഡ് ആയിരിക്കണം.
6. നിങ്ങളുടെ വാർഡിലെ കുറഞ്ഞത് 5% ആളുകളെ ഉൾപ്പെടുത്തി പഠനം നടത്തണം.
7. ആവശ്യമായ ചിത്രങ്ങൾ, വാർത്തകൾ എന്നിവ ഉൾപ്പെടുത്താവുന്നതാണ്.
8. പേപ്പറിന്റെ ഒരു പുറം മാത്രം ഉപയോഗിച്ചാൽ മതി.

**2. ബൈബിൾ ക്വിസ് - രാവിലെ 11.05 മുതൽ 11.50 വരെ**

(പൊതുവിൽ 2 അംഗങ്ങൾ കവിയരുത്)

**വിഷയം:-**

1. ബൈബിൾ - 50%
   എ. യോഹന്നാന്റെ സുവിശേഷം (13-21), ബി. സംഖ്യ (11-21), സി. സുഭാഷിതങ്ങൾ (10-20), ഡി.വെളിപാട് (1-3).
2. മലങ്കര സഭാചരിത്രം (1930 മുതൽ) - 15%
3. എം.സി.വൈ.എം. ഭരണഘടന - 5%
4. "ലൗദാത്തോസ് സി" - 10% (ഫ്രാൻസിസ് മാർപ്പാപ്പയുടെ ചാക്രിയ ലേഖനം)
5. പൊതുവിജ്ഞാനം - 20%

**3. പത്രവാർത്ത രചന - രാവിലെ 11.55 മുതൽ 12.30 വരെ**

(രണ്ട് ചോദ്യങ്ങൾ ഉണ്ടായിരിക്കും)

1. ഒരു പ്രോഗ്രാമിന്റെ റിപ്പോർട്ട്
2. ആനുകാലിക വിഷയത്തെക്കുറിച്ചുള്ള പ്രതികരണം.

**4. ഉപന്യാസ രചന - ഉച്ചയ്ക്ക് 12.30 മുതൽ 1.30 വരെ**

**വിഷയങ്ങൾ:-**

1. കാരുണ്യവർഷം - ആധുനിക യുഗത്തിൽ
2. മാർ ഈവാനിയോസ് പിതാവിന്റെ വിദ്യാഭ്യാസ ദർശനങ്ങൾ
3. വളരുന്ന വർഗ്ഗീയത - രാഷ്ട്രിയ മുതലെടുപ്പ്

(ഇതിൽ ഒരു വിഷയം മത്സരസമയത്ത് നൽകുന്നതാണ്)

5. **കഥാരചന – ഉച്ചയ്ക്ക് 2.00 മുതൽ 3.00 വരെ**
   (തന്നിരിക്കുന്ന ചിത്രത്തെ ആസ്പദമാക്കി ഒരു ചെറുകഥ രചിക്കുക)
6. കാർട്ടൂൺ രചന – ഉച്ചയ്ക്ക് 3.05 മുതൽ 4.00 വരെ
   (വിഷയം മത്സരസമയത്ത് നൽകുന്നതാണ്)

**നിർദ്ദേശങ്ങൾ:-**

1. മത്സരത്തിൽ പങ്കെടുക്കുന്നവർ എം.സി.വൈ.എം. അംഗങ്ങൾ ആയിരിക്കണം.
2. മത്സരത്തിൽ പങ്കെടുക്കുന്നവർ നിർബന്ധമായും ഐഡന്റിറ്റി കാർഡ് കൊണ്ടുവരണം.
3. ഭദ്രാസന ഭാരവാഹികൾക്ക് മത്സരിക്കാൻ അനുവാദം ഉണ്ടായിരിക്കുന്നതല്ല.

**പദയാത്ര**

പുനരൈക്യ ശില്പിയും സഭൈക്യ പ്രവാചകനും ഭാഗ്യസ്മരണാർഹനുമായ ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ 63–ാമത് ഓർമ്മപെരുന്നാളിനോടനുബന്ധിച്ച് പിതാവിന്റെ കബറിടത്തിലേക്ക് മാവേലിക്കര ഭദ്രാസനത്തിന്റെ പദയാത്ര MCYM നേതൃത്വത്തിൽ സഭയ്ക്കും സമൂഹത്തിനും ആത്മീയ ഉണർവും ചൈതന്യവും പ്രദാനം ചെയ്തുകൊണ്ട് 2016 ജൂലൈ 9–ന് പിതാവിന്റെ ജന്മഗൃഹമായ പുതിയകാവ് പണിക്കരുവീട്ടിൽ നിന്ന് ആരംഭിച്ച് ഭദ്രാസനത്തിലെ വിവിധ ഇടവകകൾ സന്ദർശിച്ച് ദേശീയപാത വഴി പട്ടം കത്തീഡ്രലിൽ എത്തിച്ചേരുന്നതാണ്.

**ജൂലൈ 9 ശനി:-**

രാവിലെ 6.00 ന് പ്രഭാതപ്രാർത്ഥന, വി. കുർബാന (മലങ്കര കത്തോലിക്കാപ്പള്ളി, പുതിയകാവ്), പ്രഭാതഭക്ഷണം, ധൂപപ്രാർത്ഥന (പിതാവിന്റെ ജന്മഗൃഹം), 7.30 ന് പദയാത്ര ഉദ്ഘാടനം: അഭി. ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ് മെത്രാപ്പോലീത്ത.

മാവേലിക്കര ജംഗ്ഷൻ വഴി പുന്നമൂട് കത്തീഡ്രൽ, കുറത്തികാട്, കറ്റാനം, കരിമുളയ്ക്കൽ, ചാരുംമൂട് (ഉച്ചഭക്ഷണം), പണയിൽ (സ്വീകരണം), നൂറനാട്, പഴകുളം (വിശ്രമം)

**ജൂലൈ 10 ഞായർ**

രാവിലെ 6.30 ന് വി.കുർബാന (മലങ്കര കത്തോലിക്കാപള്ളി, പഴകുളം), പെരിങ്ങനാട് (പ്രഭാതഭക്ഷണം), തുവയൂർ, മണ്ണാർറോഡ് (സ്വീകരണം) കടമ്പനാട് (ഉച്ചഭക്ഷണം), കരിന്തോട്ടുവ (സ്വീകരണം), നെടിയവിള, പുത്തൂർ (വിശ്രമം).

**ജൂലൈ 11 തിങ്കൾ**

രാവിലെ 6.30 ന് വി.കുർബാന (മലങ്കര കത്തോലിക്കാപള്ളി, പുത്തൂർ), തേവലപ്പുറം (പ്രഭാതഭക്ഷണം), മാറനാട്, അമ്പലത്തും കാല (ഉച്ചഭക്ഷണം), ചൊവ്വല്ലൂർ, നല്ലില (വിശ്രമം).

(പുനരൈക്യത്തിന്റെ പിള്ളത്തൊട്ടിലായ തങ്കശ്ശേരി അരമനയിൽ നിന്നും ആരംഭിക്കുന്ന എം.സി.വൈ.എം. കൊല്ലം വൈദിക ജില്ലയുടെ പദയാത്ര നല്ലിലയിൽ പ്രധാന സംഘത്തോടു സംഗമിക്കുന്നു).

**ജൂലൈ 12 ചൊവ്വ**

രാവിലെ 6.00 ന് വി.കുർബാന (മലങ്കര കത്തോലിക്കാപള്ളി, നല്ലില), നല്ലില, പുലിയില, പള്ളിമൺ (പ്രഭാതഭക്ഷണം), കൊട്ടറ, കുമ്മല്ലൂർ (ഉച്ചഭക്ഷണം), ചാത്തന്നൂർ, ഇടനാട് (സ്വീകരണം) കല്ലുവാതുക്കൽ (വിശ്രമം).

**ജൂലൈ 13 ബുധൻ**

രാവിലെ 6.30 ന് വി.കുർബാന (മലങ്കര കത്തോലിക്കാപള്ളി, കല്ലുവാതുക്കൽ), പ്രഭാതഭക്ഷണം, ആറ്റിങ്ങൽ ഇടവക (ഉച്ചഭക്ഷണം), തോന്നയ്ക്കലിൽ (ഭൂദാനകോളനി, ശാസ്തവട്ടം ഇട വകകളുടെ സ്വീകരണം) കാരംമൂട് സെന്റ് മേരീസ് പള്ളി (രാത്രി ഭക്ഷണം, വിശ്രമം)

**ജൂലൈ 14 വ്യാഴം**

രാവിലെ 6.30 ന് വി.കുർബാന (മലങ്കര കത്തോലിക്കാപള്ളി, കാരംമൂട്), പള്ളിപ്പുറം ഇടവക (പ്രഭാതഭക്ഷണം), ചന്തവിള ഇടവക (സ്വീകരണം) കാര്യവട്ടം ഇടവക (ഉച്ചഭക്ഷണം), കഴക്കൂട്ടം വൈദീക ജില്ലാ പദയാത്രയുമായി സംഗമം, പോങ്ങുംമൂട് ഡി.എം. കോൺവന്റ് (സ്വീകരണം), 6.15 ന് പിതാവിന്റെ കബറിടം സ്ഥിതിചെയ്യുന്ന പട്ടം കത്തീഡ്രലിൽ എത്തിച്ചേരുന്നു)

വൈകിട്ട് 6.30 ന് പട്ടം കത്തീഡ്രൽ,സന്ധ്യാപ്രാർത്ഥന, ധൂപപ്രാർത്ഥന, അഖണ്ഡപ്രാർത്ഥന, വിശ്രമം.

**ജൂലൈ 15 വെള്ളി**

പട്ടം സെന്റ് മേരീസ് കത്തീഡ്രൽ രാവിലെ 8.00 ന് പ്രഭാത പ്രാർത്ഥന, വി.കുർബാന, അനുസ്മരണ സമ്മേളനം, ധൂപപ്രാർത്ഥന പിതാവിന്റെ കബറിങ്കൽ.

# കെ.സി.എസ്.എൽ

കെ.സി.എസ്.എൽ. മാവേലിക്കര ഭദ്രാസനത്തിന്റെ ഡയറക്ടർ ആയിരുന്നുകൊണ്ട് കഴിഞ്ഞ 5 വർഷക്കാലം അതിന്റെ പ്രവർത്തനങ്ങൾക്ക് നിസ്തുലമായ നേതൃത്വം കാഴ്ചവെച്ച ഫാ. ഫ്രാൻസിസ് പ്ലാവറക്കുന്നിൽ അച്ചന് കെ.സി.എസ്.എൽ. മാവേലിക്കര ഭദ്രാസനത്തിന്റെ ഒരായിരം നന്ദിയും സ്നേഹവും അറിയിക്കുന്നു. അച്ചന്റെ എല്ലാ പ്രവർത്തനങ്ങൾക്കും എല്ലാവിധ പ്രാർത്ഥനാശംകളും നേരുന്നു.

പുതിയ ഡയറക്ടറായി സ്ഥാനം ഏറ്റെടുത്ത ഫാ.ഇമ്മാനുവേൽ പുന്തലവിളയ്ക്ക് പ്രാർത്ഥനാശംസകളും, അഭിനന്ദനങ്ങളും നേരുന്നു.

കെ.സി.എസ്.എൽ. ഭദ്രാസതല പ്രവർത്തന ഉദ്ഘാടനം 2016 ജൂലൈ 1 വെള്ളിയാഴ്ച രാവിലെ 1.30 ന് കറ്റാന് പോപ് പയസ് ഹൈസ്കൂളിൽ വച്ച് നടത്തപ്പെടുന്നു.

# ജീസസ് ഫ്രട്ടേണിറ്റി

## തടവറ സന്ദർശനം

മാവേലിക്കര സബ് ജയിലിൽ കഴിയുന്ന സഹോദരങ്ങളെ 2016 ജൂൺ 25 ശനിയാഴ്ച ഉച്ചയ്ക്ക് 2.30 ന് മവേലിക്കര ഭദ്രാസന ജീസസ് ഫ്രട്ടേണിറ്റി അംഗങ്ങൾ സന്ദർശിച്ചു.

# ചേതന

## പരിസ്ഥിതി ദിനം

ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് എല്ലാ റീജണുകളിലും പരിസ്ഥിതി ദിനം ആഘോഷിച്ചു. കായംകുളം സെന്റ് ബേസിൽ ഇടവകയും, ചേതനയും ചേർന്ന് നടത്തിയ പരിസ്ഥിതി ദിന പ്രോഗ്രാം ചേതന ഡയറക്ടർ ഫാ. ബിന്നി നെടുംപുറത്തിന്റെ നേതൃത്വത്തിൽ കായംകുളം എം.എൽ.എ. അഡ്വ. യു.പ്രതിഭാ ഹരി വൃക്ഷതൈ നട്ട് ഉദ്ഘാടനം ചെയ്തു.

## റീജണൽ മീറ്റിംഗ്

2016 ജൂലൈ 19-ന് അതാത് റീജണിൽ വച്ച് മീറ്റിംഗ് നടത്തപ്പെടുന്നതാണ്.

## റീജണൽ വാർഷികം

കറ്റാനം റീജന്റെ റീജണൽ വാർഷികവും ഔഷധ സസ്യവിതരണവും ജൂലൈ 6 ബുധനനാഴ്ച രാവിലെ 10.30 ന് പണയിൽ മലങ്കര കത്തോലിക്കാ ദേവാലയത്തിൽ വച്ച് നടത്തപ്പെടുന്നതാണ്. ചേതന ഡയറക്ടർ ഫാ. ബിന്നി നെടുംപുറത്തിന്റെ നേതൃത്വത്തിൽ മാവേലിക്കര എം.എൽ.എ. ശ്രീ. ആർ.രാജേഷ് മീറ്റിംഗ് ഉദ്ഘാടനം ചെയ്യും. പാലമേൽ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ഓമന വിജയൻ, ബ്ലോക്ക് മെമ്പർ ശ്രീ.ചന്ദ്രബാബു എന്നിവർ മീറ്റിംഗിൽ പങ്കെടുക്കും.

## സഫലം

സഫലം പദ്ധതിയിൽ പുതിയ ബാച്ചിലേക്കുള്ള കുട്ടികളുടെ അപേക്ഷ സ്വീകരിക്കുന്നതാണ്. ഒരു യൂണിറ്റിൽ നിന്നും 2 കുട്ടികളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതാണ്.

### സെന്റ് പീറ്റേഴ്സ് ഹാൻഡ്

സെന്റ് പീറ്റേഴ്സ് ഹാൻഡ് പുതിയ അപേക്ഷകൾ ജൂലൈ 15 വരെ സ്വീകരിക്കുന്നതാണ്.

### SPED III

SPED III പ്രോജക്ടിന്റെ ഭാഗമായുള്ള Sped Federation പ്രവർത്തിക്കുന്ന തയ്യൽ യൂണിറ്റിനായുള്ള കുർത്ത പരിശീലനം ചങ്ങനാശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ നിന്നും 6 പേർക്ക് (7/6/2016) ലഭിച്ചു.

### Herbal Name slip വിതരണം

ദേശീയ സംസ്ഥാന ഔഷധ സസ്യബോർഡിന്റെ സ്കൂൾ ഔഷധ സസ്യോദ്യാന പരിപാടിയുടെ തുടർച്ചയായി ചേതനയുടെ നേതൃത്വത്തിൽ മികച്ച 20 സ്കൂളിലെ 1000 കുട്ടികൾക്കായി 10,000 ഹെർബൽ നെയിം സ്ലിപ്പ് വിതരണം ചെയ്തു. ഔഷധ സസ്യത്തിന്റെ ഫോട്ടോയും, പേരും അതിന്റെ ഔഷധ മൂല്യവും ഉൾപ്പെടുത്തിയാണ് നെയിം സ്ലിപ്പ് തയ്യാറാക്കിയത്.

### വാർഷിക ജനറൽ ബോഡി മീറ്റിംഗ്

ചേതനയുടെ 9-ാം വാർഷികവും അതോടനുബന്ധിച്ചുള്ള മീറ്റിംഗും ചേതനയിൽ വച്ച് ആഗസ്റ്റ് 23-ന് നടത്തപ്പെടുന്നതാണ്. ഈ മീറ്റിംഗിൽ റീജണൽ, യൂണിറ്റ് ഡയറക്ടേഴ്സ്, കോ-ഓർഡിനേറ്റേഴ്സ് എന്നിവർ പങ്കെടുക്കുന്നതായിരിക്കും. ഈ മീറ്റിംഗിൽ വച്ച് 2015-16 വർഷത്തെ 10, 12 ക്ലാസ്സിലെ പരീക്ഷയിൽ എല്ലാ വിഷയത്തിനും എ+ കരസ്ഥമാക്കിയ കുട്ടികളെ ആദരിക്കുകയും, ഏറ്റവും നല്ല കർഷകയ്ക്കുള്ള അവാർഡ് വിതരണവും നടത്തുന്നതായിരിക്കും.

### ആശാകിരണം

ചേതനയും കാരിത്താസ് ഇൻഡ്യയും സംയുക്തമായി നടപ്പിലാക്കിയ ആശാകിരണം പദ്ധതിയുടെ ഭാഗമായി എല്ലാ ഇടവകകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട സന്നദ്ധ പ്രവർത്തകർക്കായുള്ള മീറ്റിംഗ് 2016 ആഗസ്റ്റ് 6-ന് ചേതനയിൽ വച്ച് നടത്തപ്പെടുന്നതാണ്.

# മലങ്കര കാത്തലിക് അസോസിയേഷൻ

മലങ്കര കാത്തലിക് അസോസിയേഷൻ മാവേലിക്കര ഭദ്രാസനത്തിന്റെ മാനേജിംഗ് കമ്മറ്റി യോഗം 2016 ജൂൺ 11 ഞായറാഴ്ച ഉച്ചയ്ക്ക് 2.30ന് നൂറനാട് സെന്റ് റെനാത്തോസ് മലങ്കര കത്തോലിക്കാ പള്ളിയിൽ വെച്ച് എം.സി.എ ഭദ്രാസന പ്രസിഡന്റ് ശ്രീ.തോമസ് ജോൺ തേവരേത്തിന്റെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി.

**മാർ ഈവാനിയോസ് ക്വിസ് മത്സരവും ഉപന്യാസ മത്സരവും**

എം.സി.എ മാവേലിക്കര ഭദ്രാസനത്തിന്റെ ഭദ്രാസന തലത്തിലുള്ള മാർ ഈവാനിയോസ് ക്വിസ് മത്സരവും, ഉപന്യാസ മത്സരവും 2016-ൽ ജൂലൈ 24-ാം തീയതി ഞായറാഴ്ച ഉച്ചയ്ക്ക് ജില്ലാ കേന്ദ്രങ്ങളിൽ വച്ച് നടത്തപ്പെടുന്നതാണ്. രണ്ടു വിഭാഗങ്ങളായിട്ടായിരിക്കും മത്സരങ്ങൾ സംഘടിപ്പിക്കുന്നത്. 14 വയസ്സുവരെയുള്ളവർ എ വിഭാഗവും, 15 മുതൽ 18 വയസ്സുവരെയുള്ളവർ ബി വിഭാഗവും. ഒരു ഗ്രൂപ്പിൽ രണ്ടുപേർക്കു വീതം പങ്കെടുക്കാം. രജിസ്ട്രേഷൻഫീസ് 50/- രൂപ. ഫാ.തോമസ് ഇഞ്ചയ്ക്കലോടിയുടെ ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ് ജീവചരിത്രത്തിൽ നിന്നും 50 ചോദ്യങ്ങൾ വീതം ഉണ്ടായിരിക്കുന്നതാണ്. ഒന്നും, രണ്ടും, മൂന്നും സ്ഥാനങ്ങൾ ലഭിക്കുന്നവർക്ക് ട്രോഫിയും, കാഷ് അവാർഡും ഉണ്ടായിരിക്കുന്നതാണ്.

**ഉപന്യാസത്തിനുള്ള വിഷയം**

1. മാർ ഈവാനിയോസ് പിതാവ് - കരുണയുടെ പ്രവാചകൻ
2. മാർ ഈവാനിയോസ് പിതാവിന്റെ മരിയഭക്തി
3. മാർ ഈവാനിയോസ് പിതാവിന്റെ സഭൈക്യദർശനം

ഇവയിൽ ഏതെങ്കിലും ഒന്ന് മത്സരസമയത്ത് നൽകുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 30/- രൂപ. ഒന്നും, രണ്ടും, മൂന്നും സ്ഥാനങ്ങൾ ലഭിക്കുന്നവർക്ക് ട്രോഫിയും, കാഷ് അവാർഡും ഉണ്ടായിരിക്കുന്ന

താണ്.

**മികച്ച കർഷക അവാർഡ്**

എം.സി.എ ദേശീയ സമിതി സംഘടിപ്പിച്ച മികച്ച കർഷകനുള്ള അവാർഡ് ഭദ്രാസന ട്രഷറാർ ശ്രീ.അലക്സ് എബ്രഹാമിന് ലഭിച്ചു. ജൂൺ 25-ാം തീയതി പീച്ചിയിൽ വച്ച് നടന്ന കർഷക സംഗമത്തിൽ വച്ച് അദ്ദേഹം ഇത് ഏറ്റുവാങ്ങി.

# ജിതിൻ മെമ്മോറിയൽ എഡ്യൂക്കേഷണൽ സ്കോളർഷിപ്പ് (JMES)

മാവേലിക്കര ഭദ്രാസനത്തിലെ ഇടവകകളിൽപെട്ടതും, സഭാപരമായ കാര്യങ്ങളിൽ സജീവമായി പങ്കെടുക്കുന്നതും, വാർഷിക വരുമാനം 1,50,000 രൂപയിൽ കുറവുള്ളതുമായ കുടുംബങ്ങളിൽ നിന്നും, കേരള സംസ്ഥാന സർക്കാരിന്റെയോ, കേന്ദ്ര സർക്കാരിന്റെയോ പൊതു പ്രവേശന പരീക്ഷയിലൂടെ കേരളത്തിലോ, മറ്റു സംസ്ഥാനങ്ങളിലോ 2015-16 അക്കാദമിക വർഷത്തിൽ, പ്രവേശനം ലഭിച്ച് എം.ബി.ബി.എസ്., ബി.ഡി.എസ്, എഞ്ചിനീയറിംഗ് എന്നീ പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന ഒരു വിദ്യാർത്ഥിക്ക് കോഴ്സു കാലാവധി തീരുന്നതുവരെ (അഞ്ച് അല്ലെങ്കിൽ നാല് വർഷം) പ്രതിവർഷം 10,000 രൂപ വീതം സ്കോളർഷിപ്പ് നൽകുന്നു. ഈ വിദ്യാർത്ഥികൾ സണ്ടേസ്കൂൾ, എം.സി.വൈ.എം. എന്നീ ഭക്തസംഘടനകളിലും, സജീവമായി പങ്കെടുക്കുന്നവരായിരിക്കണം.

അകാലത്തിൽ ദൈവസന്നിധിയിലേക്ക് വിളിക്കപ്പെട്ട പുത്തൂർ ഇടവകാംഗമായിരുന്ന കടകംപള്ളിൽ ജിതിൻ രാജു.കെ.യുടെ മാതാപിതാക്കൾ മാവേലിക്കര ഭദ്രാസനത്തോടു ചേർന്നു ഏർപ്പെടുത്തിയിട്ടുള്ള സ്കോളർഷിപ്പാണിത്. 2016 ആഗസ്റ്റ് 9-ാം തീയതിയ്ക്കു ശേഷമുള്ള ഒരു പൊതു ചടങ്ങിൽ വച്ച് ആദ്യഗഡു നൽകുന്നതായിരിക്കും. ആവശ്യമായ രേഖകൾ സഹിതം അപേക്ഷ, 2016 ജൂലൈ 20-ന് മുൻപ് ഭദ്രാസന സോഷ്യൽ സർവ്വീസ് ഡയറക്ടർക്കു സമർപ്പിക്കേണ്ടതാണ്. അപേക്ഷാ ഫോമുകൾ ചേതനയിൽ ലഭിക്കുന്നതാണ്.

## സെന്റ് ഫ്രാൻസിസ് ഹോം. ഈരേഴ

ബഥനി സന്യാസിനി സമൂഹത്തിന്റെ പത്തനംതിട്ട പ്രൊവിൻസിന്റെ ആഭിമുഖ്യത്തിൽ 2009 മുതൽ ഈരേഴ ബഥനി മഠത്തിന് സമീപമായി ഭിന്നശേഷിയുള്ള കുട്ടികൾക്കുവേണ്ടി സെന്റ് ഫ്രാൻസിസ് ഹോം എന്ന പേരിൽ ഒരു സ്ഥാപനം നടത്തിവരുന്നു. ഇതിന്റെ പുതിയ കെട്ടിടത്തിന്റെ കൂദാശ 2016 ജൂൺ 1-ാം തീയതി അഭിവന്ദ്യ ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ് പിതാവ് നിർവ്വഹിച്ചു.

പെൺകുട്ടികൾക്കും 10 വയസ്സിൽ താഴെയുള്ള ആൺകുട്ടികൾക്കും ഇവിടെ താമസസൗകര്യം നൽകുന്നു. വൊക്കേഷണൽ ട്രെയിനിംഗിന്റെ ഭാഗമായി പൂക്കൾ, കവർ, സോപ്പുപൊടി, ലോഷൻ എന്നിവയുടെ നിർമ്മാണവും, ബുക്ക് ബൈൻഡിംഗ്, കമ്പ്യൂട്ടർ, തയ്യൽ എന്നിവയുടെ പരിശീലനവും നൽകുന്നു.

Address: St. Francis Home
School for Differently Abled
Erezha South P.O., Mavelikara
Alappuzha Dist - Pin 690 106
Ph: 0479 2343232, Mob: 8547532492
Email: stfrancishome40@gmail.com



## 2016 ജൂലൈ മാസത്തിലെ പ്രാർത്ഥനാ നിയോഗങ്ങൾ

**പൊതുനിയോഗം:** വ്യക്തിത്വവും അസ്തിത്വവും ഭയാജനകമായ വിധം ഭീഷണി നേരിടുന്ന ആദിമഗോത്ര വർഗ്ഗക്കാർക്ക് അർഹമായ പരിഗണനയും ബഹുമാനവും ലഭിക്കാൻ.

**പ്രേഷിതനിയോഗം:** ലാറ്റിൻ അമേരിക്കയിലെയും കരീബിയയിലെയും സഭാസമൂഹം, തങ്ങൾക്കു ലഭിച്ച പ്രത്യേക പ്രേഷിത നിയോഗത്താൽ, വർദ്ധിത ഉത്സാഹത്തോടെ സുവിശേഷം പ്രസംഗിക്കുവാൻ.

# സ്മരണീയ ദിനങ്ങൾ

**ജൂലൈ**

01 - പ്രധാനാചാര്യനായ അഹറോൻ

03 - മാർത്തോമ്മാ ശ്ലീഹായുടെ ദുക്റോനോ തിരുനാൾ

- ജോസഫ് മാർ തോമസ് പിതാവിന്റെ നാമഹേതുകതിരുനാൾ

- കുടുംബ ദിനം

06 - വി. മരിയ ഗൊരേത്തി

07 - പുലിക്കോട്ടിൽ ജോസഫ് റമ്പാന്റെ ഓർമ്മ

11 - വി. ബനഡിക്ട്

13 - മാർ ശീലാസ്

15 - ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ ഓർമ്മ

മാർ കുറിയാക്കോസും മർത്താ യൂലിത്തിയും

16 - കർമ്മലമാതാവ്

17 - തോമസ് മാർ കൂറിലോസ് പിതാവിന്റെ മെത്രാഭിഷേക വാർഷികം

19 - വി. മക്രീന

20 - ഏലിയാ നിബിയാ

22 - വി. മഗ്ദലേന മറിയം

23 - എസക്കിയേൽ നിബിയാ

28 - വി. അൽഫോൻസാ

29 - ബഥനിയിലെ മർത്തായും മറിയവും ലാസറും

31 - ലയോളയിലെ വി. ഇഗ്നാത്തിയോസ്

# Let us Remember, Congratulate and Pray....

**JULY**

**Birthday**

Fr. Thomas Panicker P. G - July 04
Fr. Philip Chempakasseril - July 24
Fr. Immanuel Punthalavila - July 25
Rt. Rev. John Puthenvilayil Corepiscopo - July 27
Rt. Rev. Jose Kadakampallil Corepiscopo - July 27

**Feast Day**

Fr. Thomas Panicker Kattanam - July 03
Fr. Thomas Panicker P.G - July 03
Fr. Thomas Cherupushpabhavan - July 03
Fr. Oommen Padipurackal - July 03
Fr. Kaleb Cheruvallil - July 03
Fr. Thomas Puthenparampil - July 03
Fr. Benedict Perumuttathu - July 11
Fr. Kuriakose Thiruvalil - July 15
Fr. Jacob Kizhakkumkara - July 25
Fr. Vijayanand Edayilaveettil - July 25
Fr. George Berthalomeo - July 25
Fr. John Jacob Vadakkethil - July 25



# Programme Diary of His Grace

## July

| Date | Venue / Function | Time |
|---|---|---|
| 05 | Kallumala, Mar Ivanios Minor Seminary/ Monthly recollection<br>Kallumala, St. John Maria Vianney Clergy Home/ Blessing<br>Kallumala, Mar Ivanios College/ Blessing<br>Chengannur / YMCA | 09.30 AM<br>02.00 PM<br>03.00 PM<br>07.00 PM |
| 06 | Kodukulanji / Kudumbayogam<br>Cathedral | 06.30 AM<br>11.00 AM |
| 07 | Puthiyacavu<br>Venmony/ Fr. Seraphion's commemoration | 11.00 AM<br>05.00 PM |
| 09 | Puthiyacavu/ Padayathra/ Holy Mass | 06.00 AM |
| 10-14 | Padayathra | |
| 15 | Pattom Cathedral/ Mar Ivanios Day | 08.00 AM |
| 16 | Amalagiri/ Eparchial Consulters' & Presbyteral Council Meet<br>Pastoral Council Meet | 09.00 AM<br>10.30 AM |
| 18 | Ernakulam | 11.00 AM |
| 19-20 | Bhuvaneswar/ UCPI National Conference | |
| 21-22 | Kanjirappally/ Regional Bishop's Meet | |
| 23 | Thevalappuram | 10.30 AM |
| 25 | Sooranadu North<br>Kurathikadu | 11.00 AM<br>02.00 PM |
| 26 | Cathedral | 06.30 AM |
| 27-28 | Delhi / NEG Fire | |